<u>പതിനാലാം കേരള നിയമസഭ</u>
<u>പതിമൂന്നാം സമ്മേളനം</u>

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1479** **03-12-2018 ൽ മറുപടിക്ക്**

**"പുറമ്പോക്ക് മദ്യഷാപ്പ്" ഭൂമി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എൻ.എ. നെല്ലിക്കുന്ന് | ശ്രീ. ഇ. ചന്ദ്രശേഖരൻ (റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) "പുറമ്പോക്ക് മദ്യഷാപ്പ്" എന്ന് രേഖപ്പെടുത്തിയിട്ടുള്ള എത്ര ഭൂമിയുണ്ടെന്ന് താലൂക്ക തിരിച്ച് വ്യക്തമാക്കാമോ; | (എ) കാസർകോട് ജില്ലയിൽ കാസർകോട് താലൂക്കിലെ മൂളിയാർ, നീർച്ചാൽ, ബേഡഡുക്ക, മുട്ടത്തോടി, ചെങ്കള, മധൂർ എന്നീ വില്ലേജുകളിൽ പുറമ്പോക്ക് മദ്യഷാപ്പ് എന്ന് രേഖപ്പെടുത്തിയ 1.35 ഏക്കർ ഭൂമി നിലവിലുണ്ട്. കാസർകോട് ഒഴികെ മറ്റ് ജില്ലകളിൽ പുറമ്പോക്ക് മദ്യഷാപ്പ് എന്ന് രേഖപ്പെടുത്തിയ ഭൂമിയില്ല. |
| (ബി) ടി ഭൂമിയിൽ വീടുകളുണ്ടോ എന്നും പ്രസ്തുത വീടുകൾക്ക നമ്പറുകളുണ്ടോ എന്നും ആരുടെ അധീനതയിൽ ഏത് സർവ്വേ നമ്പറിൽ എത്രകാലമായിട്ടാണ് ഭൂമിയുള്ളതെന്നും താലൂക്ക് തിരിച്ച് വ്യക്തമാക്കാമോ; | (ബി) ടി ഭൂമിയിൽ 3 വീടുകളുണ്ട്. നീർച്ചാൽ വില്ലേജിൽ സർവേ നമ്പർ 773/4 എ യിൽപ്പെട്ട 0.10 ¾ ഏക്കർ സ്ഥലം ശ്രീ. സൂപ്പി എന്നവർ 35 വർഷമായും, മധൂർ വില്ലേജിൽ സർവേ നമ്പർ 154/132 ൽപ്പെട്ട 0.0275 ഹെക്ടർ സ്ഥലം ശ്രീമതി ജയന്തി എന്നവർ 11 വർഷമായും, മുട്ടത്തോടി വില്ലേജിൽ സർവേ നമ്പർ 121/1 ബിയിൽപ്പെട്ട 0.06 ½ ഏക്കർ സ്ഥലം ശ്രീമതി ഖദീജ എന്നവർ 16 വർഷമായും കൈവശം വെച്ച് വീട് വച്ച് താമസിക്കുന്നു. ടി മൂന്ന വീടുകൾക്കും വീട്ടു നമ്പർ ലഭ്യമാണോ എന്നുള്ള വിവരം റവന്യൂ വകുപ്പിൽ ലഭ്യമല്ല. |
| (സി) പ്രസ്തുത ഭൂമി എത്രപേർക്ക പതിച്ച നൽകിയിട്ടുണ്ടെന്ന് താലൂക്കടിസ്ഥാനത്തിൽ വ്യക്തമാക്കാമോ; | (സി) ഭൂമി ആർക്കും പതിച്ച നൽകിയിട്ടില്ല. ബേഡഡുക്ക വില്ലേജിലെ 0.15 ഏക്കർ സ്ഥലം ഹെൽത്ത് ഡിപ്പാർട്ട്മെന്റിന് കൈമാറിയിട്ടുണ്ട്. |

| | |
|---|---|
| (ഡി) ഭൂമി പതിച്ചു നൽകണമെന്നാവശ്യപ്പെട്ട്കൊണ്ടുള്ള അപേക്ഷകരുടെ എണ്ണം, അപേക്ഷ ലഭ്യമായ കാലയളവ്, കാലവിളംബത്തിനുള്ള കാരണം എന്നിവ താലൂക്ക് തിരിച്ച് വ്യക്തമാക്കാമോ; | (ഡി) & (ഇ) വിവരം ശേഖരിച്ച് വരുന്നു. |
| (ഇ) സമൂഹത്തിന്റെ പൊതു ആവശ്യത്തിനായി മാറ്റിവച്ചിട്ടുള്ള സർക്കാർ ഭൂമിയുടെ നിയന്ത്രണാ ധികാരം പഞ്ചായത്തുകൾക്കു നൽകിയിട്ടുണ്ടോ; ഏതെല്ലാം ഭൂമിയാണ് ഇതിൽ പെടുന്നതെന്നും "പുറമ്പോക്കു മദ്യഷാപ്പ്" ഭൂമിയുടെ നിയന്ത്രണാധികാരം ആർക്കെങ്കിലും നൽകിയിട്ടുണ്ടോ എന്നും ഇല്ലെങ്കിൽ ഇനി ആർക്കെങ്കിലും നൽകാൻ നടപടി സ്വീകരിക്കുമോ എന്നും വ്യക്തമാക്കാമോ? | |

**സെക്ഷൻ ഓഫീസർ**